18
2024
ഡിസംബർ
ബുധൻ
ധനു 3

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.32 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-32 പേജ് 4. വില 2.00 രൂപ




02 പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ അന്തസ് നിലനിർത്തണം: അഡ്വക്കേറ്റ് ജനറൽ

03 ആയുഷ് മേഖലയിൽ 14.05 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ

04 ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്രമേളകളിൽ തിളങ്ങിയ ഏഴു ചിത്രങ്ങൾ ആറാം ദിനം പ്രദർശനത്തിന്

# 'ഒരു രാജ്യം, ഒന്നിച്ച് തിരഞ്ഞെടുപ്പ്' ബിൽ ലോക്സഭയിൽ

## പ്രതിഷേധിച്ച് പ്രതിപക്ഷം, ജെപിസിക്ക് വിടുമെന്ന് അമിത് ഷാ

ന്യൂഡൽഹി : ശക്തമായ പ്രതിപക്ഷ പ്രതിഷേധത്തിനിടെ ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്!വാളാണ് ബിൽ ലോക്സഭയിൽ കൊണ്ടുവന്നത്. ബില്ലിനെ പ്രതിപക്ഷം ഒറ്റക്കെട്ടായി എതിർത്തു. ഭരണഘടനയുടെ അടിസ്ഥാന ഘടനയെ തന്നെ വെല്ലുവിളിക്കുന്ന ബിൽ ഉടൻ പിൻവലിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. തുടർന്ന് ബിൽ പാർലമെന്ററി സംയുക്ത സമിതിക്ക് വിടാൻ സർക്കാർ തീരുമാനിച്ചു. ബില്ലിൽ വിശദമായ ചർച്ച നടക്കണമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ ലോക്സഭയിൽ പറഞ്ഞു. ബിൽ ജെപിസിക്ക് വിടാനുള്ള പ്രമേയം ലോക്സഭയിൽ അവതരിപ്പിച്ചില്ല. ജെപിസി അംഗങ്ങളെ തീരുമാനിച്ച ശേഷം അവതരിപ്പിക്കും.

വോട്ടെടുപ്പിനൊടുവിൽ എട്ട് പേജുള്ള ബില്ലാണ് ലോക്സഭക്ക് മുമ്പാകെ അവതരിപ്പിച്ചത്. ഭരണഘടനയുടെ 82, 83, 172, 327 എന്നീ അനുച്ഛേദങ്ങളിലാണ് ഭേദഗതി വരുത്തുന്നത്. ഏതെങ്കിലും നിയമസഭയിൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരം നൽകുന്ന ഭേദഗതിയും ഇതിൽ ഉൾപ്പെടുന്നു. ഭരണഘടന ഭേദഗതി അംഗീകരിക്കാൻ മൂന്നിൽ രണ്ട് ഭൂരിപക്ഷമെങ്കിലും വേണം. ഇപ്പോഴത്തെ സംഖ്യയിൽ എൻഡിഎക്ക് ഒറ്റക്ക് ബിൽ പാസാക്കാനാവില്ല. ഒരു നേതാവ് ഒരു രാജ്യം ഒരു ആശയം എന്നതിന്റെ മറ്റൊരു വശമാണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലെന്ന് ജോൺ ബ്രിട്ടാസ് എംപി കുറ്റപ്പെടുത്തി. രാജ്യത്തിന്റെ ഫെഡറലിസം തകർക്കാനുള്ള നീക്കമാണ് ഭരണഘടനക്കെതിരായ ബില്ലിലൂടെ കേന്ദ്രം നടത്തുന്നതെന്നും ധൈര്യമുണ്ടെങ്കിൽ ഭരണഘടനയ്ക്ക് എതിരാണെന്ന് തുറന്ന സമ്മതിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഭരണഘടനയുടെ അടിസ്ഥാനഘടനയെ തന്നെ വെല്ലുവിളിക്കുന്നതാണ് ബില്ലെന്ന് കോൺഗ്രസ് എംപി മനീഷ് തിവാരി പറഞ്ഞു. ഏകാധിപത്യം കൊണ്ടു വരാനാണ് ബിജെപിയുടെ ശ്രമമെന്ന് സമാജ്!വാദി പാർടി എംപി ധർമേന്ദ്ര യാദവ് പറഞ്ഞു. ഇത് തെരഞ്ഞെടുപ്പ് പരിഷ്!കരിക്കാനുള്ള ബി?ല്ല് അല്ലെന്നും ഒരാളുടെ സ്വപ്നം മാത്രമാണെന്നും തൃണമൂൽ കോൺഗ്രസ് എംപി കല്യാൺ ബാനർജി പറഞ്ഞു. ഡിഎംകെയും ബില്ലിനെ എതിർത്ത് രംഗത്തെത്തിയിട്ടുണ്ട്.



## ആംബുലൻസ് ലഭിക്കാത്ത സംഭവത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടു

വയനാട് എടവക പഞ്ചായത്തിലെ പള്ളിക്കൽ വീട്ടിച്ചാൽ നാല് സെന്റ് ഉന്നതിയിലെ ആദിവാസി സ്ത്രീയുടെ മൃതദേഹം ആംബുലൻസ് ലഭിക്കാത്തതിനെ തുടർന്ന് ശ്മശാനത്തിലേക്ക് ഓട്ടോറിക്ഷയിൽ കയറ്റി കൊണ്ടുപോയെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷന് ലഭ്യമാക്കാൻ മാന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കമ്മീഷൻ നിർദേശം നൽകി.

## വർഗീയപ്രസംഗം: അലഹാബാദ് ഹൈക്കോടതി ജഡ്ജി സുപ്രീംകോടതി കൊളീജിയത്തിന് മുന്നിൽ ഹാജരായി

ന്യൂഡൽഹി> വിശ്വഹിന്ദു പരിഷത്തിന്റെ ചടങ്ങിൽ വിദ്വേഷ വർഗീയ പരാമർശം നടത്തിയ അലഹബാദ് ഹൈക്കോടതി ജഡ്ജി ശേഖർ കുമാർ യാദവ് സുപ്രീംകോടതി കൊളീജിത്തിന് മുന്നിൽ ഹാജരായി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടങ്ങിയ കൊളീജിയത്തിന് മുമ്പാകെ ശേഖർകുമാർ യാദവ് ഹാജരായി വിശദീകരണം നൽകി. "ഇത് ഹിന്ദുസ്ഥാനാണ്. ഭൂരിപക്ഷത്തിന്റെ ഇഷ്ടമേ ഇവിടെ നടക്കൂ. അതാണ് നിയമം" എന്നായിരുന്നു അലഹബാദ് ഹൈക്കോടതി ജഡ്ജി ശേഖർ കുമാർ യാദവിന്റെ പരാമർശം.

സംഭവത്തിൽ കടുത്ത വിമർശനങ്ങളും പ്രതിഷേധവും ഉയർന്നിരുന്നു. ഇതിന് പിന്നാലെയാണ് സുപ്രീംകോടതി കൊളീജിയം യാദവിനോട് നേരിട്ട് ഹാജരായി വിഷയത്തിൽ വിശദീകരണം നൽകണമെന്ന് നിർദ്ദേശിച്ചത്. ഒരു ന്യായാധിപന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്ത ഗുരുതര പരാമർശം നടത്തിയ യാദവിനെ ഇംപീച്ച് ചെയ്യണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതി ബാർ അസോസിയേഷൻ പ്രസിഡന്റും രാജ്യസഭാ എംപിയുമായ കപിൽ സിബലും ചീഫ് ജസ്റ്റിസിന് കത്തയച്ചിരുന്നു.

വിദ്വേഷ വർഗീയ പരാമർശം നടത്തിയ ശേഖർ കുമാർ യാദവിനെ ഇംപീച്ച്മെന്റ് ആവശ്യപ്പെട്ട് പ്രതിപക്ഷ എംപിമാർ പാർലമെന്റിൽ രാജ്യസഭാ സെക്രട്ടറി ജനറലിന് നോട്ടീസ് നൽകിയിരുന്നു. കപിൽ സിബൽ, ജോൺ ബ്രിട്ടാസ്, ദിഗ്‌വിജയ് സിങ്, വിവേക് തൻഖ, കെ ടി എസ് തുൾസി, പി വിൽസൺ എന്നിവരടക്കം 55 എംപിമാർ ഒപ്പിട്ട പ്രമേയമാണ് വെള്ളിയാഴ്ച രാജ്യസഭാ സെക്രട്ടറി ജനറലിന് കൈമാറിയത്. ഇതിന് പിന്നാലെ വിഷയത്തിൽ സുപ്രീംകോടതി യാദവിനോട് വിശദീകരണം തേടിയിരുന്നു.

## വിദേശ മെഡിക്കൽവിദ്യാർഥികൾക്കുള്ള രണ്ടുവർഷത്തെ ഇന്റേൺഷിപ്പ് ഹൈക്കോടതി ശരിവെച്ചു

കൊച്ചി: കോവിഡും യുദ്ധവും കാരണം ഓഫ്ലൈൻ ക്ലാസുകൾ നഷ്ടമായ, വിദേശത്തു പഠിച്ച മെഡിക്കൽ വിദ്യാർഥികൾക്ക് രണ്ടുവർഷത്തെ ഇന്റേൺഷിപ്പ് നിർബന്ധമാക്കിയ കേരള സംസ്ഥാന മെഡിക്കൽ കമ്മിഷന്റെ തീരുമാനം ഹൈക്കോടതി ശരിവെച്ചു. പൊതുതാത്പര്യം മുൻനിർത്തിയാണ് നടപടിയെന്ന് ജസ്റ്റിസ് സി.എസ്. ഡയസ് വ്യക്തമാക്കി.

ഹർജിക്കാർ 20162022 കാലഘട്ടത്തിൽ യുക്രെയ്നിൽ മെഡിക്കൽ കോഴ്സ് പഠിച്ചിരുന്നവരാണ്. 2021ലെ നാഷണൽ മെഡിക്കൽ കമ്മിഷൻ മാർഗരേഖയിൽ ഒരുവർഷത്തെ നിർബന്ധിത മെഡിക്കൽ ഇന്റേൺഷിപ്പാണ് നിഷ്കർഷിക്കുന്നത്. ഇത് തങ്ങൾക്കും ബാധകമാക്കണമെന്നായിരുന്നു ആലുവ സ്വദേശി ഡോ. തഹിയ തസ്‌ലിം, ആറന്മുളയിലെ ഡോ. റിയ എലിസബത്ത് ജോർജ് തുടങ്ങിയവരുടെ ആവശ്യം. എന്നാൽ, മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സംസ്ഥാന മെഡിക്കൽ കമ്മിഷനാണെന്ന് കോടതി നിരീക്ഷിച്ചു.

## ബസ്തർ വിനോദസഞ്ചാര കേന്ദ്രമായി മാറും: അമിത്ഷാ

ന്യൂഡൽഹി: മാവോയിസ്റ്റ് ആക്രമണങ്ങൾക്ക് പേരുകേട്ട ഛത്തീസ്ഗഡിലെ ബസ്തർ ഇന്ന് വിനോദസഞ്ചാര കേന്ദ്രമായി മാറുകയാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ഈ മാറ്റത്തിനു ശ്രമിച്ച സംസ്ഥാന സർക്കാരിൻറെയും സുരക്ഷാ സേനയുടെയും ശ്രമങ്ങളെയും അദ്ദേഹം അഭിനന്ദിച്ചു.മാവോയിസ്റ്റുകൾ ആയുധം ഉപേക്ഷിക്കാൻ തയാറായാൽ കാഷ്മീരിൽ എത്തുന്നതിനെക്കാൾ വിനോദസഞ്ചാരികൾ ബസ്തറിൽ എത്തും. ഈ മേഖലയിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രം നിരവധി പദ്ധതികൾ ആവിഷ്കരിച്ച് വരികയാണെന്നും അമിത്ഷാ വ്യക്തമാക്കി.ബസ്തറിൽ സമാധാനം സ്ഥാപിച്ച് വികസനം പ്രോത്സാഹിപ്പിക്കും.ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുക എന്നത് കൂട്ടുത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

## വിദ്യാർഥികളുടെ വ്യക്തിഗതവിവരം ചോരുമെന്ന ആശങ്ക; കെറീപ് സോഫ്റ്റ്‌വേറിനോട് മുഖംതിരിച്ച് സർവകലാശാലകൾ

തിരുവനന്തപുരം: വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങളുടെ സുരക്ഷയെക്കുറിച്ച് ആശങ്ക ബലപ്പെട്ടതോടെ, നാലുവർഷബിരുദത്തിന്റെ ഭാഗമായുള്ള കെറീപ് ഏകീകൃത സോഫ്റ്റ്‌വേറിനോടു മുഖംതിരിച്ച് സർവകലാശാലകൾ.

ഡേറ്റാ ചോർച്ചയെക്കുറിച്ച് സംശയമുയർന്നതിനാൽ തത്കാലം പങ്കാളിയാവേണ്ടെന്ന നിലപാടിലാണ് കേരള, കാലിക്കറ്റ്, എം.ജി. സർവകലാശാലകൾ. ഇതോടെ, എല്ലാ സർവകലാശാലകളെയും ഒരു കുടക്കീഴിലാക്കുന്ന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പദ്ധതി പ്രതിസന്ധിയിലായി.

സോഫ്റ്റ്‌വേറിന്റെയും വിവരങ്ങളുടെയും ഉടമസ്ഥാവകാശം ആർക്കാണെന്ന കാര്യത്തിൽ വ്യക്തത വേണമെന്നാണ് കേരള സർവകലാശാലയുടെ നിലപാട്. പദ്ധതിയെക്കുറിച്ചുള്ള രൂപരേഖയും വ്യക്തമല്ല.

കെറീപ്പുമായി ബന്ധപ്പെട്ട വിവിധ ചുമതലകൾ സർവകലാശാലയിലെ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യണമെന്നിരിക്കേ റൂൾസ് ഓഫ് ബിസിനസിലെ മാറ്റം, മാന്വൽ പരിഷ്കാരം, ഓഫീസ് നടപടിക്രമങ്ങൾ തുടങ്ങിയവയിലൊന്നും വ്യക്തതയില്ലെന്നും സർവകലാശാലാ അധികൃതർ ചൂണ്ടിക്കാട്ടി. ഒന്നേകാൽ ലക്ഷം കുട്ടികൾ പഠിക്കുന്നതിനാൽ വിവരചോർച്ചയെക്കുറിച്ചും ആശങ്കയുണ്ടെന്ന് അധികൃതർ പറഞ്ഞു. സമാനമായ സംശയത്തിൽ മാറിനിൽക്കുകയാണ് കാലിക്കറ്റ്, എം.ജി. സർവകലാശാലകൾ. ഇവിടങ്ങളിലെ ഭരണപ്രതിപക്ഷ അധ്യാപകസംഘടനകളും പദ്ധതി നടപ്പാക്കുന്നതിലെ ആശങ്ക പ്രകടിപ്പിച്ചു കഴിഞ്ഞു. വ്യക്തമായ മാർഗരേഖ പുറപ്പെടുവിക്കുകയോ സർവകലാശാലകളെ വിശ്വാസത്തിലെടുക്കുകയോ ചെയ്യാതെ, പദ്ധതി അടിച്ചേൽപ്പിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന നിലപാടിലാണ് അധ്യാപകഅനധ്യാപക സംഘടനകൾ.


## ശബരി റെയിൽ പദ്ധതി വിപുലീകൃതമായി നടപ്പാക്കും; മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു

തിരുവനന്തപുരം : ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി വിപുലീകൃതമായ രീതിയിൽ നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ഇതിന് അനുമതി ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കും. ആദ്യഘട്ടത്തിൽ അങ്കമാലിഎരുമേലിനിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിന്റെ 50 ശതമാനം തുക കിഫ്ബി വഹിക്കാമെന്ന സർക്കാർ തീരുമാനം തുടരും. ഈ തുക കടമെടുപ്പ് പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിച്ച് കിട്ടാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെടും. ആർബിഐയുമായി ചേർന്നുള്ള ത്രികക്ഷി കരാർ വേണ്ടെന്ന നിലപാട് സ്വീകരിക്കും. നിലവിൽ സിം?ഗിൾ ലൈനുമായി മുന്നോട്ട് പോകും. വികസന ഘട്ടത്തിൽ പാത ഇരട്ടിപ്പിക്കൽ പരി?ഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അങ്കമാലി മുതൽ എരുമേലി വരെ 110 കിലോമീറ്റർ ദൈർഘ്യമുള്ള ശബരി റെയിൽവേ ലൈൻ 199798ലെ റെയിൽവേ ബജറ്റിലെ നിർദ്ദേശമാണ്. ഈ പദ്ധതിയ്ക്കായി എട്ട് കിലോമീറ്ററോളം സ്ഥലമെടുപ്പ് പൂർത്തിയായി. അങ്കമാലിക്കും കാലടിക്കും ഇടയിലുള്ള ഏഴ് കിലോമീറ്റർ പാതയുടെ നിർമാണം വളരെ മുമ്പുതന്നെ പൂർത്തീകരിച്ചതാണ്. ഈ ഭാഗത്ത് രണ്ട് മേൽപ്പാലങ്ങളുടെയും രണ്ട് അടിപ്പാതകളുടെയും നിർമാണം വിഭാവനം ചെയ്തിരുന്നു. അടുത്ത 70 കിലോമീറ്റർ സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 26.09.2019ലെ റെയിൽവേ ബോർഡിന്റെ കത്ത് മുഖാന്തിരം പദ്ധതി മരവിപ്പിച്ചിരിക്കുകയാണെന്ന് അറിയിച്ചു. അതോടെ മേൽപ്പാലങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തിവച്ചു.

ശബരി പദ്ധതിയുടെ 50% തുക സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ടു. പൂർണമായും റെയിൽവേ ഫണ്ടിൽ തുടങ്ങിയ പദ്ധതിയാണെങ്കിലും 2,815 കോടി രൂപ ചിലവ് കണക്കാക്കിയ പദ്ധതിയുടെ 50% ചിലവ് കിഫ്ബി വഴി വഹിക്കാൻ കേരള സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമാണ ചെലവ് 3,800.93 കോടി രൂപയായി വർധിച്ചു. റെയിൽവേ ബോർഡിന്റെ ആവശ്യപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിനനുസൃതമായി 50% തുക പങ്കിടുന്നതിനുള്ള സന്നദ്ധതക്കുള്ള സ്ഥിരീകരണം സംസ്ഥാന സർക്കാർ നൽകിയെങ്കിലും പദ്ധതി റെയിൽവേ പുനരുജ്ജീവിപ്പിച്ചിട്ടില്ല.

കേരള വികസനത്തിന് വലിയ കുതിപ്പേകുംവിധം ശബരി റെയിൽ പദ്ധതി വിപുലീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള ചെങ്ങന്നൂർപമ്പ പദ്ധതിക്ക് പകരം വിഴിഞ്ഞത്തെ ബന്ധിപ്പിക്കാവുന്ന പദ്ധതിയായി ഭാവിയിൽ ഇത് വികസിപ്പിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. യോഗത്തിൽ മന്ത്രി വി അബ്ദുറഹ്മാൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, എറണാകുളം ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ്, ഇടുക്കി കലക്ടർ വി വിഗ്നേശ്വരി കോട്ടയം കലക്ടർ ജോൺ വി സാമുവൽ തുടങ്ങിയവർ പങ്കെടുത്തു.



## മുൻഗണനാ റേഷൻകാർഡ് അംഗങ്ങളുടെ ഇ-കെവൈസി അപ്ഡേഷൻ : സമയപരിധി ഡിസംബർ 31 വരെ നീട്ടി

സംസ്ഥാനത്തെ മുൻഗണനാ റേഷൻ ഗുണഭോക്താക്കളുടെ ഇ-കെവൈസി അപ്ഡേഷൻ സെപ്റ്റംബർ ആദ്യവാരം ആരംഭിച്ച് വിജയകരമായി നടന്നുവരികയാണ്. ഡിസംബർ 16 വരെ സംസ്ഥാനത്തെ 88.41 ശതമാനം മുൻഗണനാ കാർഡ് (എ.എ.വൈ, പി.എച്ച്.എച്ച്) അംഗങ്ങൾ മസ്റ്ററിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മുഴുവൻ മുൻഗണനാ കാർഡ് അംഗങ്ങളുടെയും മസ്റ്ററിംഗ് ചെയ്യുന്നതിനായി ഇ-കെവൈസി അപ്ഡേഷൻ സമയപരിധി 2024 ഡിസംബർ 31 വരെ ദീർഘിപ്പിച്ചതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. സ്മാർട്ട്ഫോൺ വഴി മസ്റ്ററിംഗ് നടത്തുന്ന ഫേസ് ആപ്പിലൂടെ 1,20,904 റേഷൻ കാർഡ് അംഗങ്ങൾ മസ്റ്ററിംഗ് ചെയ്തിട്ടുണ്ട്. അപ്ഡേഷൻ ചെയ്യാൻ സാധിക്കാത്ത കിടപ്പ് രോഗികൾ, കുട്ടികൾ, ഇ-പോസിൽ വിരലടയാളം പതിയാത്തവർ എന്നിവർക്ക് ഐറിസ് സ്കാനറിന്റെ സഹായത്തോടെയുള്ള പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥറുടെ നേതൃത്വത്തിൽ താലൂക്കുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഇ-കെവൈസി അപ്ഡേഷൻ നടത്തി വരുന്നു. മുൻഗണനാ കാർഡ് അംഗങ്ങളുടെ ഇ-കെവൈസി അപ്ഡേഷൻ 100 ശതമാനവും പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ മുൻഗണനാ കാർഡ് അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തി ഇ-കെവൈസി അപ്ഡേഷൻ പൂർത്തിയാക്കാൻ തയ്യാറാകണമെന്നും മന്ത്രി അറിയിച്ചു.

## അർഹതാ നിർണയ പരീക്ഷയ്ക്ക് അപേക്ഷിക്കാം

കേരളത്തിനകത്ത് വിവിധ നഴ്സിങ് കോഴ്സുകൾ (പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി നഴ്സിങ് ഒഴികെ) അനുവദനീയ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ച് അവസാന വർഷ പരീക്ഷ എഴുതുവാൻ കഴിയാത്തവർക്കായുള്ള മേഴ്സ് ചാൻസിനുവേണ്ടിയുള്ള അർഹത നിർണ്ണയ പരീക്ഷയ്ക്കായി സ്ഥാപന മേധാവികൾ മുഖാന്തിരം ഡിസംബർ 31 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.nursingcouncil.kerala.gov.in .

## ജൂനിയർ റസിഡന്റ് ഒഴിവ്

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ ഡെന്റിസ്ട്രി (OMFS) വിഭാഗത്തിൽ ജൂനിയർ റസിഡന്റ് തസ്തികയിലെ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും. ബിഡിഎസ് / എംഡിഎസ് (OMFS) യോഗ്യതയും യുജി / പിജി കേരള ഡെന്റൽ കൗൺസിൽ (Permanent) രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഓറൽ ആന്റ് മാക്സിലോഫേഷ്യഷൽ സർജറിയിൽ പിജി യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് മുൻഗണന. താല്പര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത അസൽ സർട്ടിഫിക്കറ്റുകൾ, (എസ്എസ്എൽസി, യുജി / പിജി മാർക്ക് ലിസ്റ്റ് ഉൾപ്പെടെ), പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഡിസംബർ 21 ന് രാവിലെ 10.45 മണിക്ക് വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## പെൻഷൻ അദാലത്ത്

തിരുവനന്തപുരം സൗത്ത് പോസ്റ്റ് ഡിവിഷനിലെ പെൻഷൻ അദാലത്ത് ജനുവരി 10 ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം സൗത്ത് പോസ്റ്റൽ സൂപ്രണ്ട് ഓഫീസിൽ നടക്കും. തിരുവനന്തപുരം സൗത്ത് പോസ്റ്റൽ ഡിവിഷനിലെ പോസ്റ്റൽ പെൻഷൻ, ഫാമിലി പെൻഷൻ കാര്യങ്ങളെ സംബന്ധിച്ചു പരാതികൾ അദാലത്തിൽ സമർപ്പിക്കാം. പരാതികൾ ജനുവരി 3-ാം തീയതിക്കകം കിട്ടത്തക്കവണ്ണം ഷീബ ജെ, സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം 695023 വിലാസത്തിൽ അയക്കണം. കവറിനു മുകളിൽ "പെൻഷൻ അദാലത്ത്" എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പെൻഷനറുടെ മൊബൈൽ ഫോൺ നമ്പർ ശരിയായി രേഖപ്പെടുത്തിയിരിക്കണം. പോസ്റ്റ് ഓഫീസിലോ, ഡിവിഷണൽ തലത്തിലോ മുൻപ് സ്വീകരിച്ച് ഇത് വരെ പരിഹാരം കാണാൻ കഴിയാത്ത പരാതികൾ മാത്രമേ അദാലത്തിന്റെ പരിഗണനയ്ക്കായി സ്വീകരിക്കുകയുള്ളൂ. പെൻഷനെ സംബന്ധിക്കുന്ന സാധാരണ പരാതികളും ആദ്യമായി സമർപ്പിക്കുന്ന പരാതികളും അദാലത്തിൽ പരിഗണിക്കില്ല. അത്തരം പരാതികൾ വ്യവസ്ഥാപിതമായ മാർഗത്തിൽ പരിഗണിക്കും.

## ഭിന്നശേഷി വയോജന സംരക്ഷണ കേന്ദ്രത്തിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ കൊറ്റാമത്ത് നിരാലംബരായ ഭിന്നശേഷിക്കാരായ വയോജനങ്ങളെ സൗജന്യമായി താമസിപ്പിക്കുന്ന സാഫല്യം പരിപാലന കേന്ദ്രത്തിലേക്ക് അന്തേവാസികളാകുന്നതിന് കിടപ്പ് രോഗികൾ അല്ലാത്ത 50 വയസിനു മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ വയോജനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ വെള്ള കടലാസിൽ തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ശുപാർശ, ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, യുഡിഐഡി കാർഡിന്റെ പകർപ്പ്, കിട്പ്പ് രോഗിയല്ല എന്ന ഡോക്ടറുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ കോപ്പി സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം 12 വിലാസത്തിൽ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 0471 2347768, 9495370229.

## വനഗവേഷണ സ്ഥാപനത്തിൽ ഒഴിവ്

കേരള വനഗവേഷണ സ്ഥാപനത്തിലെ ഗവേഷണ പദ്ധതിയിലേക്ക് പ്രോജക്ട് ഫെലോയുടെ താത്കാലിക ഒഴിവിലേക്ക് അഭിമുഖം നടത്തും. ഡിസംബർ 23 രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിലാണ് അഭിമുഖം. വിശദവിവരങ്ങൾക്ക് : www.kfri.res.in.

## പാരാമെഡിക്കൽ കോഴ്സുകൾ: ഓൺലൈൻ രജിസ്ട്രേഷനും സ്പെഷ്യൽ അലോട്ട്മെന്റും

പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്ക് 2024-25 വർഷത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും പുതുതായി അംഗീകാരം ലഭിച്ച കോളേജുകളിലേക്കും പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷനും അലോട്ട്മെന്റും നടത്തുന്നു. പങ്കെടുക്കുവാൻ താത്പര്യമുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ പുതിയതായി കോളേജ്/കോഴ്സ് ഓപ്ഷനുകൾ www.lbscentre.kerala.gov.in വെബ്സൈറ്റിലൂടെ ഡിസംബർ 18 മുതൽ 20 വൈകിട്ട് 5 മണി വരെ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി കോളേജുകളിൽ പ്രവേശനം നേടിയവർ കോളേജുകളിൽ നിന്നും ലഭിച്ച എൻഒസി (നിരാക്ഷേപപത്രം) ഓപ്ഷൻ സമർപ്പണവേളയിൽ അപ്ലോഡ് ചെയ്യണം. ഓപ്ഷനുകൾ പരിഗണിച്ചുകൊണ്ടുള്ള അലോട്ട്മെന്റ് 21 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471-2560363, 364.

## കേക്ക് – സ്ക്വാഷ് നിർമാണത്തിൽ സംരഭകത്വ ശിൽപശാല

കേക്ക്, ജാം, വിവിധ ഇനം സ്ക്വാഷുകൾ എന്നിവ നിർമിക്കുന്നതിന് സംരംഭകർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) ദ്വിദിന നൈപുണ്യ വികസന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ 19 മുതൽ 20 വരെ കളമശേരിയിലെ ക്യാമ്പസിലാണ് പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർ സ്പോഞ്ച് കേക്ക്, കേക്ക് പോപ്സ്, മഫിൻസ്, പപ്പായ പൈനാപ്പിൾ ജാം, പാഷൻഫ്രൂട്ട് സ്ക്വാഷ് എന്നിവയുടെ നിർമാണം തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1770 രൂപയാണ് ഫീസ്. താൽപര്യമുള്ളവർ ഓൺലൈനായി https://kied.info/training-calender/ ൽ അപേക്ഷ സമർപ്പിക്കണം. സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0484-2532890/ 04842550322/ 9188922785.

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഡിസംബർ 18 രാവിലെ 11 ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സിറ്റിങ് നടത്തുന്നു. അഖില കേരള ചാക്കമർ മഹാസഭ സമർപ്പിച്ച ഹർജി, പെന്തക്കോസ്തു വിഭാഗത്തെ സംസ്ഥാന പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, പെരുംകൊല്ലൻ എന്ന ജാതിപ്പേര് മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം, സാരസ്വത് നോൺ ബ്രാഹ്മിൺ സമുദായത്തെ ഒബിസി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് സാരസ്വത് അസോസിയേഷൻ സമർപ്പിച്ച നിവേദനം എന്നിവ പരിഗണിക്കും. സിറ്റിങ്ങിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ എ വി ജോർജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## ടെക്നിക്കൽ ട്രെയ്നർ എംപാനൽമെന്റ്

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ ടെക്നിക്കൽ ട്രെയ്നർ എംപാനൽമെന്റിനായി അപേക്ഷ ക്ഷണിച്ചു. ഐടി, ഇലക്ട്രോണിക്സ്, ലോജിസ്റ്റിക്സ്, ഓട്ടോമോട്ടീവ് മേഖലകളിലേക്കാണ് ടെക്നിക്കൽ ട്രെയ്നിർമാരെ ആവശ്യമുള്ളത്. മണിക്കൂറിന് 500 രൂപമുതൽ 1,500 രൂപവരെയാണ് വേതനം. ഒഴിവുകൾ, യോഗ്യത എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.asapkerala.gov.in/careers/ സന്ദർശിക്കുക. ഡിസംബർ 20 വൈകിട്ട് 5 നു മുമ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

## യു.ജി.സി/സി.എസ്.ഐ.ആർ–നെറ്റ് പരിശീലനത്തിന് അപേക്ഷിക്കാം

സർക്കാർ/എയ്ഡഡ് കോളേജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായവരുമായ, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച്, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർഥികളിൽനിന്ന് ജനസംഖ്യാനുപാതികമായി "യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ്" പരീക്ഷാ പരിശീലനത്തിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത 12 സ്ഥാപനങ്ങൾ മുഖാന്തിരമാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദ ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരും ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയവർക്കുമാണ് പരിശീലത്തിന് അർഹത. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ എ.പി.എൽ വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. www.minoritywelfare.kerala.gov.in വകുപ്പ് വെബ്സൈറ്റിലും തെരഞ്ഞെടുത്ത കോച്ചിംഗ് സ്ഥാപനങ്ങളുടെ വിവരങ്ങളും അപേക്ഷ ഫോമും ലഭ്യമാണ്. പരിശീലനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷ ഫോം പൂരിപ്പിച്ച് നേരിട്ടോ തപാൽ മുഖാന്തിരമോ പരിശീലനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 23. കൂടുതൽ വിവരങ്ങൾക്ക് കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടാം.




സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കുമായി മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു.

## പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ അന്തസ് നിലനിർത്തണം: അഡ്വക്കേറ്റ് ജനറൽ

ലൈംഗിക പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ അന്തസ് നിലനിർത്തേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്ന് കേരള അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ് പറഞ്ഞു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ പോക്സോ ആക്ട്, മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ എന്ന വിഷയത്തിൽ ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കുമായി മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പോക്സോ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഡോക്ടർമാരും പബ്ലിക് പ്രോസിക്യൂട്ടർമാരും ജാഗ്രത പാലിക്കണം. ഇരകളാക്കപ്പെടുന്ന കുട്ടികളുടെ മൊഴിയെടുക്കലിലും വൈദ്യപരിശോധനയിലും വിചാരണയിലും ബാലസൗഹൃദാന്തരീക്ഷം ഉണ്ടാകണം. ആശയവിനിമയത്തിൽ ഒരുഘട്ടത്തിലും സമ്മർദം ചെലുത്തരുത്. ഈ ഘട്ടങ്ങളിലെ ദുരനുഭവങ്ങൾ പിന്നീടൊരിക്കലും മാനസികാഘാതമായി കുട്ടികളിൽ നിലനിൽക്കാൻ പാടില്ല. നടപടിക്രമങ്ങളാൽ അന്തർമുഖരായി മാറ്റപ്പെടരുത്. ഇവർക്ക് വളരെ വേഗം സാധാരണ ജീവിതത്തിലേക്കു മടങ്ങിവരാനാകുന്ന തരത്തിലുള്ള സമീപനം പ്രത്യേകിച്ച് ഡോക്ടർമാരും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരും പാലിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ പറഞ്ഞു.

പീഡനങ്ങൾക്കിരയാകുന്ന കുട്ടികളെ പൊതുസമൂഹം ഒറ്റപ്പെടുത്തുന്നതും കഴുകൻകണ്ണുകളോടെ വീക്ഷിക്കുന്നതുമായ പ്രവണത മാറേണ്ടതുണ്ടെന്ന് അദ്ധ്യക്ഷനായിരുന്ന സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ പറഞ്ഞു. ശിശുസൗഹാർദ സമീപനം ഉണ്ടാകണം. ഈ ഘട്ടത്തിൽ കുട്ടികളും രക്ഷിതാക്കളും അനുഭവിക്കുന്ന മാനസിക വേദന കാണാതെ പോകരുത്. ഇത്തരം സന്ദർഭങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ബാലാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.ഉദ്ഘാടനത്തെ തുടർന്നു നടന്ന പരിശീലന പരിപാടിയിൽ ഗർഭസ്ഥശിശുവും ഡി.എൻ.എ പരിശോധനയും എന്ന വിഷയത്തിൽ സയന്റിഫിക് ഓഫീസർ ഡോ. പി. മനോജും മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ എന്ന വിഷയത്തിൽ ഗൈനക്കോളജി കൺസൾട്ടന്റ് ഡോ. എൻ.ആർ. റീനയും പോക്സോ ആക്ടിനെകുറിച്ച് കേരള കോ-ഓപ്പറേറ്റീവ് ട്രിബ്യൂണൽ ജഡ്ജ് കെ. സോമനും ക്ലാസുകൾക്ക് നേതൃത്വം നൽകി. കമ്മിഷൻ അംഗങ്ങളായ ജലജമോൾ റ്റി.സി, കെ.കെ.ഷാജു, ഡോ. എഫ്. വിൽസൺ എന്നിവർ ചർച്ചകളിൽ മോഡറേറ്റർമാരായി. കമ്മിഷൻ അംഗം എൻ.സുനന്ദ സ്വാഗതവും ജലജമോൾ റ്റി.സി നന്ദിയും അർപ്പിച്ചു.

## സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 175 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി

### ഈ സാമ്പത്തിക വർഷം 75,000 വനിതകൾക്ക് തൊഴിലവസരങ്ങൾ

### ആകെ സർക്കാർ ഗ്യാരന്റി 1295.56 കോടി രൂപയായി

സംസ്ഥാന വനിത വികസന കോർപ്പറേഷന് 175 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി അനുവദിക്കാൻ കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ തീരുമാനമാനിച്ചത് ധാരാളം വനിതകൾക്ക് സഹായകരമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വായ്പ സ്വീകരിക്കാനാണ് ഈ ഗ്യാരന്റി അധികമായി അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ ലഭ്യമായിരിക്കുന്ന അധിക ഗ്യാരന്റി കൂടി പ്രയോജനപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ 375 കോടി രൂപയുടെ വായ്പാ വിതരണം ചെയ്യുന്നതിനാണ് വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 75,000 വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനാകും. മാത്രമല്ല ന്യൂനപക്ഷ വിഭാഗത്തിന് 175 കോടി രൂപ വായ്പാവിതരണം നടത്തുന്നതിലൂടെ 34,000 വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനുമാകും. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാളും 6000 ഓളം സ്ത്രീകൾക്ക് അധികമായി മിതമായ നിരക്കിൽ സ്വയം തൊഴിൽ വായ്പ ലഭ്യമാക്കാൻ ഇത് മുഖേന സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.ദേശീയ ധനകാര്യ കോർപ്പറേഷനുകളിൽ നിന്നും വായ്പയെടുക്കുന്നതിലേക്ക് 2016 വരെ 140 കോടി രൂപയുടെ ഗ്യാരന്റി മാത്രമാണ് സ്ഥാപനത്തിനുണ്ടായിരുന്നത്. എന്നാൽ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 980.56 കോടി രൂപയുടെ അധിക ഗ്യാരന്റിയാണ് കോർപ്പറേഷന് അനുവദിച്ചു നൽകിയത്. ഇപ്പോൾ 175 കോടിയുടെ സർക്കാർ ഗ്യാരന്റി കൂടി നൽകിയതോടെ ആകെ 1295.56 കോടി രൂപയുടെ ഗ്യാരന്റിയാണ് കോർപറേഷനുള്ളത്. ഇത് കോർപ്പറേഷന്റെ പ്രവർത്തന മേഖലയിൽ നിർണായക മുന്നേറ്റമുണ്ടാക്കാൻ സഹായിക്കും.2023-24 സാമ്പത്തിക വർഷത്തിൽ 36,105 വനിതകൾക്ക് 340 കോടി രൂപ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വിതരണം ചെയ്തു. സർക്കാരിൽ നിന്നും ലഭ്യമായ അധിക ഗ്യാരന്റി പ്രയോജനപ്പെടുത്തി ന്യൂനപക്ഷ വിഭാഗത്തിൽപെട്ട വനിതകൾക്ക് നാളിതുവരെ 1,12,000 ഓളം വരുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സാധിച്ചു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ 22,580 വനിതകൾക്ക് 170 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു.കഴിഞ്ഞ മുപ്പത് വർഷങ്ങളായി കേരളത്തിലെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം മുൻ നിർത്തി പ്രവർത്തിച്ചു വരുന്ന കേരള സംസ്ഥാന വനിതാ വികസന കോർറേഷൻ വിവിധ ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും സംസ്ഥാന സർക്കാരിന്റെയും സ്വയം തൊഴിൽ വായ്പാ ചാനലൈസിംഗ് ഏജൻസിയാണ്. സംസ്ഥാന സർക്കാരിന്റെയും ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും സഹായത്തോടെ വിവിധ വിഭാഗങ്ങളിലുള്ള സ്ത്രീകൾക്ക് ലളിതമായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശയ്ക്ക് സ്വയം സംരംഭക വായ്പകൾ കാലങ്ങളായി സ്ഥാപനം നൽകി വരുന്നു.

സർക്കാരിന്റെ പദ്ധതി നടത്തിപ്പിലൂടെയും വായ്പാ വിതരണത്തിലൂടെയും ഈ സർക്കാർ ഭരണത്തിൽ വന്നശേഷം 10 ലക്ഷത്തോളം വനിതകൾക്ക് വിവിധ രീതിയിലുള്ള സേവനമെത്തിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനും ഉന്നമനത്തിനും സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണിത്.

## സിവിൽ രജിസ്ട്രേഷൻ സിസ്റ്റത്തെക്കുറിച്ച് പഠിക്കാൻ യൂണിസെഫ് പ്രതിനിധി കേരളത്തിൽ

കേരളത്തിലെ സിവിൽ രജിസ്ട്രേഷൻ സിസ്റ്റം സംബന്ധിച്ച് പഠനം നടത്തുന്നതിന് ബീഹാറിൽ നിന്നുള്ള യുണിസെഫ് പ്രതിനിധി ഡോ. അഭയ് കുമാറിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥസംഘം ഡിസംബർ 17 ന് സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പ് ഡയറക്ടറേറ്റ് സന്ദർശിച്ചു. വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് സമഗ്രമായ വിവരണം ഡയറക്ടർ ശ്രീകുമാർ ബി. അവതരിപ്പിച്ചു.

തുടർന്ന് 'സിവിൽ രജിസ്ട്രേഷൻ സിസ്റ്റം', 'മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്' എന്നീ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ അവതരണം ഡെപ്യൂട്ടി ഡയറക്ടർ, യമുന എ. ആർ., നോസോളജിസ്റ്റ് പ്രീത് വി. എസ്. എന്നിവർ നടത്തി. പ്രസ്തുത പരിപാടിയിൽ ചീഫ് രജിസ്ട്രാർ ത്രേസ്യാമ്മ ആന്റണിയും ഇൻഫർമേഷൻ കേരള മിഷൻ പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. രണ്ടു സംസ്ഥാനങ്ങളിലേയും സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യാഗസ്ഥരും സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പ് ഡയറക്ടറേറ്റിലെ അസി. ഡയറക്ടർമാർ മുതലുള്ള ഉന്നത ഉദ്യാഗസ്ഥരും സന്നിഹിതരായിരുന്നു.

### അതിദാരിദ്ര്യ നിർമാർജനം, മാലിന്യമുക്ത നവകേരളം

# പാലിയേറ്റീവ് പരിചരണം ക്യാമ്പയിനുകൾക്ക് രാഷ്ട്രീയ – ബഹുജന പങ്കാളിത്തം അനിവാര്യം: മുഖ്യമന്ത്രി

അതിദാരിദ്ര്യ നിർമാർജനം, മാലിന്യമുക്ത നവകേരളം, പാലിയേറ്റീവ് പരിചരണം എന്നീ പദ്ധതികൾ യാഥാർഥ്യമാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പങ്കാളിത്തം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സർവ്വകക്ഷി യോഗത്തിൽ പറഞ്ഞു.

മതസംഘടനകൾ ഉൾപ്പെടെ എല്ലാ സംഘടനകളെയും പരിപാടിയുമായി സഹകരിപ്പിക്കും. തദ്ദേശ സ്വയംഭരണതലത്തിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നിർലോഭമായ പിന്തുണയാണ് സർക്കാർ നൽകുന്നതെന്നും മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു.

ക്യാമ്പയിനിന് പ്രതിപക്ഷം പൂർണപിന്തുണ നൽകുമെന്നും പരിപാടിയുമായി സഹകരിക്കാൻ നിർദേശം നൽകുമെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. രാഷ്ട്രീയ പാർട്ടികൾ നൽകിയ പിന്തുണയ്ക്ക് മുഖ്യമന്ത്രി നന്ദി അറിയിച്ചു.

***അതിദാരിദ്ര്യ നിർമ്മാർജ്ജനം***

അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി 2021 ലാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ആരംഭിച്ചത്. 64,006 കുടുംബങ്ങളിലായി 1,03,099 പേരെയാണ് അതിദരിദ്രരായി കണ്ടെത്തിയത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നിവയിലെ ഇല്ലായ്മയുടെ, അഥവാ കുറവിന്റെ തോത് അടിസ്ഥാനമാക്കിയാണ് അതിദരിദ്രരെ നിർണയിച്ചത്. ഇവയെ ക്ലേശ ഘടകങ്ങളായി കാണുന്നു. അതുകൊണ്ടുതന്നെ ആവശ്യമായവർക്ക് ഭക്ഷണവും ആരോഗ്യ സേവനങ്ങളും താമസവും തൊഴിലും ഉറപ്പുവരുത്തുന്നതിലാണ് ഊന്നൽ നൽകുന്നത്. 2025 നവംബർ 1 ന് കേരളത്തെ അതിദാരിദ്ര്യ വിമുക്തമായി പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആദ്യഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ 1 നാണ് പൂർത്തിയായത്. ആദ്യഘട്ടത്തിൽ തന്നെ 47.89 ശതമാനം പേരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കാൻ കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 2024 നവംബർ 1 ന് മുമ്പ് 90 ശതമാനം പേരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ, ഇതുവരെ 40,180 കുടുംബങ്ങളെ മാത്രമാണ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കാൻ സാധിച്ചത്. അതായത് 63.82 ശതമാനം മാത്രമേ പുരോഗതി ഉണ്ടായിട്ടുള്ളൂ. 2024 നവംബർ 23 വരെയുള്ള കണക്കുകൾ പ്രകാരം ഇനി 15,847 കുടുംബങ്ങൾക്കാണ് മൈക്രോപ്ലാൻ പ്രകാരമുള്ള സഹായം ലഭ്യമാക്കേണ്ടത്.

അതിദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചുവരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. 2025 നവംബർ 1 ന് മുമ്പായി അതിദരിദ്രരില്ലാത്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാൻ കഴിയണം. അത്തരം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉതകുന്ന ആശയങ്ങളും സഹകരണവുമാണ് നിങ്ങളെല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മൈക്രോപ്ലാനുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ കുടുംബത്തിനും ഹ്രസ്വകാല, ഇടക്കാല, ദീർഘകാല ലക്ഷ്യങ്ങളാണ് മൈക്രോപ്ലാനുകളിലൂടെ വിഭാവനം ചെയ്തത്. കുടുംബ മൈക്രോപ്ലാനുകളുടെ വിവിധ ഘടകങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് പദ്ധതികളിൽ ഉൾക്കൊള്ളിക്കലാണ് ലക്ഷ്യം. വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സംയോജിത ഇടപെടൽ സാധ്യമാക്കുന്ന സമഗ്ര സമീപനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതിദരിദ്രരെ പിന്തുണയ്ക്കാൻ കെയർ ഫണ്ട് എന്ന ആശയം മാർഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. സി എസ് ആർ ഫണ്ട്, പ്രവാസി സംഘടനകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായവും സ്പോൺസർഷിപ്പും പ്രയോജനപ്പെടുത്തിയുള്ള വിഭവസമാഹരണമാണ് ലക്ഷ്യമിട്ടത്. ഈ ആശയം ഫലപ്രദമായി നടപ്പിലാക്കണം.

പുനരധിവാസത്തിനും മാനസികാരോഗ്യത്തിനും മറ്റും ആവശ്യമായ പൊതുപിന്തുണാ സംവിധാനങ്ങൾ അതത് വകുപ്പുകളും ഏജൻസികളുമായി ചേർന്നു നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ കാര്യമായി ഇടപെടണം. ബ്ലോക്ക്, ജില്ലാതല ഏകോപന അവലോകന സമിതി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തും.

അതിദാരിദ്ര്യ നിർണയത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക വാർഡ് – തദ്ദേശ സ്വയംഭരണ സ്ഥാപനതല ജനകീയ സമിതികൾ രൂപീകരിച്ചിരുന്നു. ഈ സമിതികളെ സജീവമാക്കി മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുണ്ട്. ഈ യോഗങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം ഐ എസ് ഡേറ്റ എല്ലാ മാസവും പുതുക്കേണ്ടതുമുണ്ട്. പദ്ധതി കാര്യക്ഷമമായി മുന്നേറുന്നു എന്നുറപ്പുവരുത്തുന്നതിന് ഇത് ഏറെ സഹായകരമാകും.

ഓരോ അതിദരിദ്ര കുടുംബത്തെയും അവർക്ക് ബാധകമായ മുഴുവൻ ക്ലേശഘടകങ്ങളിൽ നിന്നും മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ പുറത്തു കൊണ്ടുവരണം. ഉപജീവന പദ്ധതി ബാധകമായ കുടുംബങ്ങൾക്ക് സുസ്ഥിര വരുമാന മാർഗം ഉറപ്പാക്കണം.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ അധികാരപരിധിയിൽ കണ്ടെത്തിയിട്ടുള്ള അതിദരിദ്രർ ദാരിദ്ര്യത്തിൽ നിന്നും മുക്തരായാൽ ആ തദ്ദേശ സ്വയംഭരണ സ്ഥാപനം അതിദാരിദ്ര്യമുക്ത പ്രഖ്യാപനം നടത്തണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

***പാലിയേറ്റീവ് കെയർ***

ദീർഘകാല രോഗങ്ങൾ മൂലം പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പാക്കാൻ ഉദ്ദേശിച്ചാണ് പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെയും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയുമാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

രോഗികൾക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പാക്കാൻ ജനസംഖ്യാനുപാതികമായി ആരോഗ്യ വകുപ്പിന്റെ ഹോം കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിയമിക്കുന്നത്. 1,142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ സർക്കാർ മേഖലയിലുണ്ട്. ഇവ വഴി 1,14,439 രോഗികൾക്ക് പരിചരണം നൽകിവരുന്നുണ്ട്.

മാനദണ്ഡങ്ങൾക്കനുസൃതമായി യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനമൊരുക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലാണ് രജിസ്ട്രേഷൻ നടത്തുക. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ അധികാരപരിധിയിലെ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിശദാംശങ്ങൾ സമാഹരിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിൽ നിന്നുള്ള സംഘടനകളെ രജിസ്റ്റർ ചെയ്യിക്കണം.

ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള ഗൃഹപരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ രോഗിക്കും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലിപ്പിക്കണം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. പുതിയ വളന്റിയർമാരെ കണ്ടെത്താനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഉള്ളത്. കണ്ടെത്തുന്ന സന്നദ്ധ പ്രവർത്തകർക്ക് ശാസ്ത്രീയമായ പരിശീലനം അവർ ഉറപ്പാക്കും. പരിശീലന മൊഡ്യൂളും പരിശീലകരെയും ആരോഗ്യ വകുപ്പ് ലഭ്യമാക്കും.

രോഗീപരിചരണമാണ് പാലിയേറ്റീവ് കെയറിൽ കാര്യമായി ഉൾപ്പെട്ടിട്ടുള്ളത്. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ ഗുരുതര രോഗബാധിതരല്ലാത്തതും പരിചരണം ആവശ്യമുള്ളതുമായ വയോജനങ്ങളും ഭിന്നശേഷിക്കാരും ധാരാളമുണ്ട്. ഇവരെക്കൂടി ഉൾക്കൊള്ളിച്ച് ബി പി എൽ, എ പി എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും പരിചരണം ഉറപ്പാക്കുംവിധം ഡൊമിസിലിയറി കെയർ പദ്ധതിയായി വിപുലീകരിച്ച് മികച്ച പരിചരണം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വിവിധ തലങ്ങളിലുള്ള പരിചരണം ആവശ്യമുള്ളവരുണ്ട്. ചിലർക്ക് ആഴ്ചയിലൊരു ദിവസം പരിശീലനം സിദ്ധിച്ചവരുടെ സേവനം ലഭിച്ചാൽ മതിയാകും. മറ്റു ചിലർക്ക് ദൈനംദിന ശ്രദ്ധ വേണ്ടതുണ്ടാവാം. ഇക്കാര്യങ്ങൾ പരിഗണിച്ച് വ്യക്തിഗത പരിചരണാസൂത്രണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും പൂർണ സഹകരണം ഉണ്ടാവും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരിക്കും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

പാലിയേറ്റീവ് ആക്ഷൻ പ്ലാൻ പ്രകാരം ഹോം കെയർ യൂണിറ്റുകളുടെ എണ്ണം വർധിപ്പിക്കാനും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഗ്രിഡ് രൂപീകരിച്ച് ടെലിമെഡിസിൻ സംവിധാനത്തെ അതിന്റെ ഭാഗമാക്കാനും ഉദ്ദേശിക്കുന്നു.

നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കാനാണ് ശ്രമിക്കുന്നത്. ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനായി ജനകീയ മുന്നേറ്റം നടത്താനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായ ക്യാമ്പയിൻ പ്രവർത്തനം 2025 ജനുവരി 1 ന് ആരംഭിക്കും.

***മാലിന്യമുക്ത നവകേരളം***

ഗാന്ധി ജയന്തി ദിനമായ 2024 ഒക്ടോബർ 2 മുതൽ അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ 2025 മാർച്ച് 30 വരെയാണ് 'മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ' സംഘടിപ്പിക്കാൻ തീരുമാനിച്ചിരുന്നത്. ഒക്ടോബർ 2 ന് സംസ്ഥാന, ജില്ല, പ്രാദേശിക തലങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉദ്ഘാടനം ചെയ്തുകൊണ്ട് ക്യാമ്പയിനിന് തുടക്കമിടാനായിരുന്നു തീരുമാനിച്ചത്. 1,313 ഉദ്ഘാടന പരിപാടികളാണ് സംഘടിപ്പിക്കപ്പെട്ടത്. ലഭ്യമായ കണക്കനുസരിച്ച് 2,39,864 പേർ സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കെടുത്തതായാണ് റിപ്പോർട്ട്.

ഉദ്ഘാടന ഘട്ടത്തിൽ 13,794 വാർഡുകളിൽ മാത്രമേ നിർവഹണസമിതി രൂപീകരിച്ചിരുന്നുള്ളൂ. അതിൽ തന്നെ 11,252 വാർഡുകളിൽ മാത്രമാണ് വാർഡുതല ഉദ്ഘാടനങ്ങൾ നടന്നത്. 8,537 വാർഡുകളിൽ ഉദ്ഘാടന പരിപാടികൾ ഇതുവരെ നടന്നിട്ടില്ല. 5,704 വാർഡുകളിൽ നിർവഹണ സമിതികൾ ഇനിയും രൂപീകരിച്ചിട്ടുമില്ല. ഉദ്ഘാടന, സന്നദ്ധ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം വേണ്ടത്ര ഉണ്ടായിട്ടില്ലെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. 2025 മാർച്ച് 30 ന് സമ്പൂർണ ശുചിത്വ കേരള പ്രഖ്യാപനം നടത്തണം എന്നുണ്ടെങ്കിൽ നാം ഇനിയുമേറെ മുന്നേറേണ്ടതുണ്ട്. അതിന് രാഷ്ട്രീയ പാർട്ടികളുടെയും ബഹുജന സംഘടനകളുടെയും പങ്കാളിത്തം ഏറെ അനിവാര്യമാണ്.

ക്യാമ്പയിനിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ, ഓഫീസുകൾ, ടൗണുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ എന്നിവ ഹരിതമാക്കാനുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഏവരുടെയും സഹകരണം ആവശ്യമാണ്. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമായി അവലോകനം ചെയ്ത് തുടർപ്രവർത്തനങ്ങൾ ആവിഷക്കരിക്കണമെന്നാണ് കണ്ടിട്ടുള്ളത്.

ഹോസ്റ്റലുകൾ, ഹോട്ടലുകൾ, ടൂറിസം കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിന്ന് സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പൊതുസംവിധാനം ഏർപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടൗണുകൾ, ടൂറിസം കേന്ദ്രങ്ങൾ, ഫ്ളാറ്റുകൾ, ഹോസ്റ്റലുകൾ, ഭവന സമുച്ചയങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, പൊതുസ്ഥലങ്ങൾ, ഹോട്ടലുകൾ, ഹാളുകൾ മുതലായവയിൽ കമ്മ്യൂണിറ്റി തല ജൈവമാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഖര, ദ്രവ മാലിന്യങ്ങളുടെ സംസ്കരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്.

ഈ മൂന്ന് ക്യാമ്പയിനുകളും പൂർണ്ണതോതിൽ നടപ്പാക്കിയാലേ സുസ്ഥിരമായ നവകേരളമെന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം കൈവരിക്കാനാകൂ. ഇത് കേരളത്തിന്റെ ഭാവിയുമായി, നമ്മുടെ ഭാവി തലമുറകളുമായി ബന്ധപ്പെട്ട വിഷയമാണ് എന്ന് കാണണം. എല്ലാ രാഷ്ട്രീയ പാർട്ടികളും ബഹുജന സംഘടനകളും ഈ മൂന്നു ക്യാമ്പയിനുകളുമായി സഹകരിക്കണം എന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്, ഇ ചന്ദ്രശേഖരൻ എം എൽ എ, എം കെ മുനീർ എം എൽ എ, മോൻസ് ജോസഫ് എം എൽ എ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## സൗജന്യ ലാപ്ടോപ് : അപേക്ഷ ക്ഷണിച്ചു

2024–25 അധ്യയന വർഷത്തിൽ ദേശീയ സംസ്ഥാന തലത്തിൽ നടത്തുന്ന പൊതുപ്രവേശന പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികളിൽ നിന്നും സൗജന്യ ലാപ്ടോപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. 2024 മാർച്ച് 31 വരെ അംഗത്വമെടുത്ത തൊഴിലാളികൾക്ക് അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: kmtwwfb.org.

## ആദിവാസി യുവാവിനെ വലിച്ചിഴച്ച സംഭവത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടു

വയനാട് ജില്ലയിൽ മാന്തവാടി–പുൽപള്ളി റോഡിൽ ആദിവാസി യുവാവിനെ മർദിക്കുകയും റോഡിലൂടെ വലിച്ചിഴയ്ക്കുകയും ചെയ്തുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ മാനന്തവാടി ഡി.വൈ.എസ്.പിയ്ക്ക് പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ നിർദേശം നൽകി.

## യൂത്ത് ഐക്കൺ അവാർഡിന് അപേക്ഷിക്കാം

കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് (202425) അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല/സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം / സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നത നേട്ടം കൈവരിച്ച യുവജനങ്ങളെയാണ് പരിഗണിക്കുന്നത്. അവാർഡിനായി നാമനിർദേശം നൽകാവുന്നതോ സ്വമേധയാ അപേക്ഷ സമർപ്പിക്കാവുന്നതോ ആണ്. പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുന്നത്. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ ക്യാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകും. നിർദേശങ്ങൾ ksycyouthicon@gmail.com മെയിലിൽ അറിയിക്കുക. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാം. 0471–2308630.

## എസ്.എസ്.എൽ.സി പരീക്ഷ: രജിസ്ട്രേഷൻ ആരംഭിച്ചു

2025 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. സമ്പൂർണ ലോഗിൻ വഴിയാണ് സ്കൂളിൽനിന്നും രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കേണ്ടത്. സമ്പൂർണ ലോഗിനിൽ വിശദവിവരങ്ങൾ ലഭ്യമാണ്. ഡിസംബർ 31ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം. യൂസർ മാനുവലിൽ ഉൾപ്പെടുത്തിയിട്ടുള്ള സമയക്രമത്തിൽ മാറ്റം അനുവദിക്കില്ല.

## രാജ്ഭവനിൽ ക്രിസ്മസ് വിരുന്നൊരുക്കി

ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് രാജ്ഭവനിൽ വിരുന്നൊരുക്കി. ജനപ്രതിനിധികൾ, രാഷ്ട്രീയ–സാമുദായിക സംഘടനകളുടെ നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ വിരുന്നിൽ പങ്കെടുത്തു. വൈകിട്ട് ആറുമണിയോടെയാണ് പരിപാടികൾ ആരംഭിച്ചത്. രാജ്ഭവൻ മുറ്റത്ത് പന്തലിട്ടാണ് വിരുന്നൊരുക്കിയത്. ചടങ്ങിന്റെ ഭാഗമായി ഗവർണർ കേക്ക് മുറിക്കുകയും സ്കൂൾ വിദ്യാർത്ഥികൾ ക്രിസ്മസ് ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ഹാരിസ് ബീരാൻ എം. പി., ഡൽഹിയിലെ സംസ്ഥാന സർക്കാരിന്റെ പ്രതിനിധി കെ. വി. തോമസ്, ചാണ്ടി ഉമ്മൻ എം.എൽ.എ, ചീഫ് ഇൻഫർമേഷൻ കമ്മീഷണർ വി. ഹരി നായർ, മുൻ അംബാസിഡർ ടി. പി. ശ്രീനിവാസൻ, പാളയം ഇമാം ഷുഹൈബ് മൗലവി, ലത്തീൻ കത്തോലിക്ക അതിരൂപത മുൻ ആർച്ച് ബിഷപ്പ് ഡോ സൂസപാക്യം, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ മോഹനൻ കുന്നുമ്മൽ, ക്യൂസാറ്റ് വൈസ് ചാൻസിലർ ഡോ എം. ജുനൈദ് ബുഷറി, എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ സി. ടി. അരവിന്ദ്കുമാർ, എ.പി. ജെ. അബ്ദുൽ കലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസിലർ ഡോ കെ. ശിവപ്രസാദ്, എഴുത്തുകാരൻ ജോർജ് ഓണക്കൂർ തുടങ്ങിയവർ വിരുന്നിൽ പങ്കെടുത്തു.

## ആയുഷ് മേഖലയിൽ 14.05 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ

*** 24 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ വിവിധ പദ്ധതികൾ**
*** സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും**

ആയുഷ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 24 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ 14.05 കോടി രൂപ ചിലവഴിച്ചുള്ള വിവിധ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 18ന് വൈകുന്നേരം 4 മണിക്ക് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവ്വഹിക്കും. പുതിയ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്ന തിരുവനന്തപുരം കോട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയിൽ വച്ച് നടത്തുന്ന സംസ്ഥാന തല ഉദ്ഘാടനത്തിൽ ആരോഗ്യ മന്ത്രി നേരിട്ടും ബാക്കിയുള്ള 23 ഇടങ്ങളിൽ ഓൺലൈനായും പങ്കെടുക്കും. ജി. സ്റ്റീഫൻ എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും. അടൂർ പ്രകാശ് എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ എന്നിവർ മുഖ്യാതിഥികളാകും.22 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികളുടെ ശിലാസ്ഥാപനവും 2 ഇടങ്ങളിൽ പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഉദ്ഘാടനവുമാണ് നിർവഹിക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള 3 ആശുപത്രികൾ, 9 ഡിസ്പെൻസറികൾ, ഹോമിയോപ്പതി വകുപ്പിന്റെ ഒരു ആശുപത്രി, 8 ഡിസ്പെൻസറികൾ, ആയുർവേദ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകൾ എന്നിവിടങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനമാണ് നടക്കുന്നത്. തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ 1.4 കോടി രൂപയുടെ പുതിയ ഒ.പി ബ്ലോക്കിന്റെ നിർമ്മാണവും കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ 2.6 കോടി രൂപയുടെ പുതിയ ഇ.എൻ.ടി ബ്ലോക്കിന്റെ നിർമ്മാണവുമാണ് നടക്കുന്നത്.ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള തൊടുപുഴ സർക്കാർ ആയുർവേദ ആശുപത്രിയോടനുബന്ധിച്ചുള്ള സ്പോർട്സ് ആയുർവേദ ബ്ലോക്കും ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ പാങ്ങോട് സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറിയിലെ പുതിയ കെട്ടിടവുമാണ് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമായിട്ടുള്ളത്.

## പാളയം ബഹുനില പാർക്കിംഗ് സമുച്ചയം: 19 മുതൽ പാർക്കിങ് ആരംഭിക്കും

പാളയം സാഫല്യം കോംപ്ലക്സിന് പുറകിൽ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പുതുതായി പണിതീർത്ത ബഹുനില പാർക്കിംഗ് സമുച്ചയത്തിൽ ഡിസംബർ 19 മുതൽ പാർക്കിംഗ് ആരംഭിക്കും.

മിതമായ പാർക്കിംഗ് ഫീസിൽ 302 കാറുകൾക്കും 200 ഇരുചക്രവാഹനങ്ങൾക്കും പാർക്കിംഗ് സൗകര്യം ലഭ്യമാണ്.

## ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കാം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) വനിതകൾക്കായുള്ള ഡിപ്ലോമ ഇൻ മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള കോഴ്സിന്റെ അടിസ്ഥാന യോഗ്യത പ്ലസ്ടു ആണ്. ഉയർന്ന പ്രായപരിധി 30 വയസ്. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 0471 2329468, 2339178, 2329539, 2329539, 9446329897.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



നീലക്കുയിലിൽ ബാലതാരമായി അഭിനയിച്ച വിപിൻ മോഹനെ ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ് ആദരിക്കുന്നു

# കുടിയേറ്റപ്രശ്നങ്ങളുടെ നേർച്ചിത്രം



ടു എ ലാൻഡ് അൺനോൺ

പ്രതീക്ഷകളാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്നത്. നാളത്തേക്കുള്ള കരുതിക്കൂട്ടലുകളാണ് മനുഷ്യന്റെ ഇന്ന്. നിൽക്കക്കള്ളിയില്ലാതെ വരുമ്പോൾ മനുഷ്യൻ മനുഷ്യനല്ലാതായി മാറും.

മഹ്ദി ഫ്ലെയിഫൽ സംവിധാനം ചെയ്ത 'ടു എ ലാൻഡ് അൺനോൺ' (ഠ ഛ അ ഘഅചഉ ഡചഗച ഛണച) എന്ന ചിത്രവും പറഞ്ഞുവെക്കുന്നത് ഇതാണ്. ചാറ്റില, റെദ എന്ന കഥാപാത്രങ്ങളിൽ കൂടിയാണ് ചിത്രം മുമ്പോട്ട് പോകുന്നത്. പലസ്തീനി സ്വദേശികളായ ഇവർ ഏഥൻസിൽ അനധികൃതമായിട്ടാണ് കഴിയുന്നത്. ജർമ്മനിയിൽ ചെന്ന് ജീവിതം കെട്ടിപ്പടുക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി വ്യാജ പാസ്പോർട്ട് സംഘടിപ്പിക്കാനുള്ള ഓട്ടത്തിനിടെ സംഭവിക്കുന്ന അപ്രതീക്ഷിത നിമിഷങ്ങളാണ് ചിത്രത്തിൽ. പലസ്തീൻ പ്രശ്നവും കുടിയേറ്റപ്രശ്നവും ചിത്രത്തിലുടനീളം പ്രതിഫലിക്കുന്നുണ്ട്. ദുർബലമാക്കപ്പെടുന്ന ശരീരത്തിൽ ലഹരി ഉപയോഗവും അതിന്റെ ഭവിഷ്യത്തും സംവിധായകൻ ചിത്രത്തിൽ പറഞ്ഞുവെക്കുന്നുണ്ട്.

ബെർലിനിൽ എത്തണം, ഒരു കഫേ തുടങ്ങണം. അഭയാർത്ഥികളായിക്കഴിയുന്ന തങ്ങളുടെ കുടുംബാംഗങ്ങളേയും അവിടേക്ക് കൊണ്ടു ചെല്ലണം എന്നാണ് ഇരുവരുടേയും ആഗ്രഹം. എന്നാൽ അവരുടെ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ പ്രധാന വെല്ലുവിളി പണമാണ്. അത് കണ്ടെത്താൻ പിടിച്ചുപറിയും മോഷണവും വഴിയായി തിരഞ്ഞെടുക്കുന്നു. ഇതിനിടെ അവരുടെ അടുക്കൽ ഗാസയിൽ നിന്ന് ഒരു കുട്ടി അപ്രതീക്ഷിതമായെത്തുന്നു. മനുഷ്യക്കടത്തുകാർ ഇറ്റലിയിലേക്കെന്ന് പറഞ്ഞ് കൊണ്ടു പോയ കുട്ടിയെ ഏഥൻസിൽ ഇറക്കിവിടുകയായിരുന്നു. തുടർന്ന് കുട്ടിയെ ഇറ്റലിയിൽ എത്തിച്ചാൽ അവിടെ കുട്ടിയുടെ ബന്ധുവിന്റെ കൈയിൽ നിന്ന് പണം ലഭിക്കുമെന്ന പ്രതീക്ഷയിൽ അവനെ ഇറ്റലിയിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നു. എന്നാൽ പിന്നീട് സംഭവിക്കുന്ന കാര്യങ്ങളൊക്കെ അപ്രതീക്ഷിതമായിട്ടായിരുന്നു.

മികച്ച അഭിനയമാണ് അഭിനേതാക്കൾ പുറത്തെടുക്കുന്നത്. അഞ്ജലീകി പപൌളിയ, മഹ്മൂദ് ബക്രി, മനാൽ ആവാദ് എന്നിവരാണ് പ്രധാന വേഷത്തിലെത്തിയിരിക്കുന്നത്.

# അതിയായി ആഗ്രഹിക്കുന്നവർക്ക് സിനിമയിലേക്കുള്ള വഴി അപ്രാപ്യമല്ല: 'മീറ്റ് ദ ഡയറക്ടർ' ചർച്ച

സിനിമകളെ സ്നേഹിക്കുന്ന ആർക്കും സിനിമ സാധ്യമാണെന്ന് 29 ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ അഞ്ചാം ദിനത്തിലെ 'മീറ്റ് ദ ഡയറക്ടർ' ചർച്ചയിൽ പങ്കെടുത്ത ചലച്ചിത്ര പ്രവർത്തകർ. സിനിമകളെടുക്കാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയെയും ചിന്തിക്കാനും പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്ന ഒന്നായിരുന്നു 'മീറ്റ് ദ ഡയറക്ടർ' പരിപാടി. സിനിമ സത്യസന്ധമായിരിക്കുമ്പോൾ കൂടുതൽ കാഴ്ചക്കാരിലേക്കെത്തുമെന്ന് ചലച്ചിത്ര പ്രവർത്തകർ അഭിപ്രായപ്പെട്ടു. പ്രേക്ഷകരില്ലാതെ സിനിമ സിനിമയാകില്ലെന്ന് 'സെക്കൻഡ് ചാൻസ്' സിനിമയുടെ സംവിധായിക സുഭദ്ര മഹാജൻ പറഞ്ഞു. എങ്ങനെ മിതമായ സാഹചര്യങ്ങളിൽ നിന്ന് സിനിമയ്ക്ക് ജീവൻ നൽകാമെന്ന് ചർച്ചയിൽ പങ്കെടുത്തവർ വിശദീകരിച്ചു. കോവിഡ് സാഹചര്യം പ്രതിസന്ധി സൃഷ്ടിച്ചപ്പോൾ മനസിലുണ്ടായിരുന്ന സിനിമയുടെ ചിത്രീകരണരീതി തന്നെ മാറ്റിയ കഥയാണ് 'കിസ് വാഗണി'ന്റെ സംവിധായകൻ മിഥുൻ മുരളിക്ക് പറയാനുണ്ടായിരുന്നത്. സാമ്പത്തിക ഞെരുക്കം മറികടക്കാൻ പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ട് സിനിമ ചെയ്ത അനുഭവമാണ് റിപ്ടൈഡിന്റെ സംവിധായകൻ അഫ്രാദ് വി.കെയ്ക്ക് പറയാനുള്ളത്. തന്റെ ചിത്രം 'ആജൂർ' ഐഎഫ്എഫ്കെയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് തന്റെയോ സിനിമയ്ക്കു പിന്നിൽ പ്രവർത്തിച്ച തന്റെ ഗ്രാമവാസികളുടെയോ വിജയമല്ല, മറിച്ച് സിനിമയെ സ്നേഹിക്കുന്നവരുടെ വിജയമാണെന്നു സംവിധായകൻ ആര്യൻ ചന്ദ്രപ്രകാശ് പറഞ്ഞു. 'മാലു' തന്റെ അമ്മയുടെ കഥയാണെന്നും ആ കഥ തിരക്കഥയാക്കിയത് ഏറെ വൈകാരികമായ അനുഭവമായിരുന്നു എന്നും ബ്രസീലിൽ നിന്നുള്ള സംവിധായകൻ പെഡ്രോ ഫ്രെയ്റി പറഞ്ഞു. അടിസ്ഥാന സാഹചര്യങ്ങളിൽ നിന്നുയർന്നു വരുന്ന സിനിമകളും ആരും ഇതേവരെ പറയാത്ത കഥ തേടിയുള്ള യാത്രകളും വേദിയിലെ ഓരോ സംവിധായകന്റെയും നിർമ്മാതാവിന്റെയും അഭിപ്രായങ്ങളിൽ ഉയർന്നുകേട്ടു. ചർച്ചയ്ക്ക് ശേഷം കാണികൾ പങ്കെടുത്ത ചോദ്യോത്തരവേള ഏറെ സജീവമായിരുന്നു. മീര സാഹിബ് മോഡറേറ്ററായ പരിപാടിയിൽ സംവിധായകരായ സുഭദ്ര മഹാജൻ (സെക്കൻഡ് ചാൻസ് ), ആര്യൻ ചന്ദ്രപ്രകാശ് (ആജൂർ), അഫ്രാദ് വി.കെ. (റിപ്ടൈഡ്), മിഥുൻ മുരളി (കിസ്സ് വാഗൺ), കൃഷാന്ദ് (സംഘർഷ ഘടന ), പെഡ്രോ ഫ്രെയ്റി( മാലു ), നിർമ്മാതാക്കളായ കരീൻ സിമോൺയാൻ ( യാഷ ആൻഡ് ലിയോനിഡ് ബ്രെഷ്നെവ് ), ഫ്ലോറൻഷ്യ (ഓസിലേറ്റിങ് ഷാഡോ) എന്നിവർ പങ്കെടുത്തു. സംവിധായകൻ ബാലു കിരിയത്ത് നന്ദി പറഞ്ഞു.

# ബ്യൂട്ടിപാർലറെന്ന പെണ്ണിടം, രസിപ്പിക്കുന്ന അങ്കമാലിക്കഥയുമായി 'വിക്ടോറിയ'




കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ സമകാലിക മലായള സിനിമയെ പരിചയപ്പെടുത്തുന്ന 'മലയാളം സിനിമ ടുഡേ' വിഭാഗത്തിൽ പ്രദർശിപ്പിച്ച ചിത്രമാണ് 'വിക്ടോറിയ'. അങ്കമാലി പശ്ചാത്തലമാക്കി ബ്യൂട്ടീഷനായ വിക്ടോറിയ എന്ന പെൺകുട്ടിയുടെ കഥയാണ് ശിവരഞ്ജിനി ജെ. സംവിധാനം ചെയ്ത ചിത്രം പറയുന്നത്. ഒരു തൊഴിൽദിവസത്തിൽ വിക്ടോറിയ കടന്നുപോകുന്ന സംഘർഷങ്ങൾ അവതരിപ്പിക്കുന്ന ചിത്രം തനതായ അവതരണരീതി? കൊണ്ടും പ്രാദേശികതയിലൂന്നിനിൽക്കുന്ന പാത്രസൃഷ്ടികൊണ്ടും വേറിട്ടുനിൽക്കുന്നു.

ആദ്യത്തെ ലോങ് ഷോട്ടും അവസാന ഷോട്ടും വിക്ടോറിയ ബ്യൂട്ടിപാർലറിലേക്ക് എത്തുന്നതും തിരിച്ചിറങ്ങതും ഒഴിച്ചുനിർത്തിയാൽ പൂർണമായും പാർലറിനകത്താണ് ചിത്രം സംഭവിക്കുന്നത്. ഒരു പൂവൻകോഴിയും ഫോൺവഴിയെത്തുന്ന വിക്ടോറിയയുടെ കാമുകനുമല്ലാതെ ചിത്രത്തിൽ മറ്റു പുരുഷ കഥാപാത്രങ്ങളുമില്ല. എന്നാൽ, ബ്യൂട്ടിപാർലറിലെത്തുന്ന സ്ത്രീകളുടെ വ്യത്യസ്ത സ്വഭാവസവിശേഷതകളെ സമർത്ഥമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ആദ്യാവസാനം പ്രേക്ഷകനെ പിടിച്ചിരുത്തുന്നുണ്ട് ചിത്രം.

വിക്ടോറിയയും പരിചയക്കാരിയായ അന്നാമ്മയും ബസിൽ യാത്ര ചെയ്യുന്ന ദൃശ്യത്തിൽനിന്നാണ് ചിത്രം ആരംഭിക്കുന്നത്. പുണ്യാളന് നേർന്ന കോഴിയെ താൽക്കാലികമായി സൂക്ഷിക്കാൻ വിക്ടോറിയയെ നിർബന്ധിച്ചേൽപിച്ചാണ് അന്നാമ്മ പിരിയുന്നത്. അന്യമതസ്ഥനുമായുള്ള പ്രണയം അറിഞ്ഞതിനെ തുടർന്ന് തലേന്ന് വീട്ടിലുണ്ടായ സംഘർഷങ്ങൾ മനസ്സിലും അന്നാമ്മയുടെ കോഴി കയ്യിലും പേറി ബ്യൂട്ടിപാർലറിലെത്തുന്ന വിക്ടോറിയയെ കാത്തിരുന്നത് അത്ര സുഖകരമായ കാര്യങ്ങളായിരുന്നില്ല. വ്യക്തിപരമായ പ്രശ്നങ്ങൾക്കിടയിലും അവൾക്ക് അധിക ജോലിഭാരം ഏറ്റെടുക്കേണ്ടിവരുന്നു. കാമുകനിൽ നിന്നും അനുഭാവപൂർണമായ പ്രതികരണമല്ല ലഭിക്കുന്നത്. ജോലിക്കും മാനസിക സംഘർഷങ്ങൾക്കുമിടയിൽ വീർപ്പുമുട്ടുകയാണ് വിക്ടോറിയ.

വിക്ടോറിയയുടെ ഉൾപ്പിരിവുകളും ദിനാന്ത്യത്തിൽ അവളിലുണ്ടാകുന്ന തിരിച്ചറിവുകളുമാണ് മുഖ്യകഥാതന്തുവെങ്കിലും ബ്യൂട്ടിപാർലറിലെ ?പെണ്ണിടത്തെ സവിശേഷമായി അടയാളപ്പെടുത്തുന്നുണ്ട് ചിത്രം. തങ്ങളുടേത് മാത്രമായ ഇടങ്ങളിലെ സ്ത്രീകളുടെ? പെരുമാറ്റം, അവരുടെ ചർച്ചാവിഷയങ്ങൾ ഇതെല്ലാം വളരെ സ്വാഭാവികതയോടെ ചിത്രത്തിലെത്തുന്നു. വ്യത്യസ്ത സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിലും പ്രായത്തിലും മതത്തിലുമുള്ളവരായ സ്ത്രീകൾക്കിടയിലെ സാഹോദര്യവും പാരസ്പര്യവും ചിത്രം മനോഹരമായി വരച്ചുകാട്ടുന്നു. വിക്ടോറിയയും ബ്യൂട്ടിപാർലർ ഉടമയും തമ്മിലുള്ള ദീർഘകാല ബന്ധത്തിൽ മുതൽ പാർലറിലെ കാത്തിരിപ്പിനിടെ അപ്പോൾ മാത്രം പരിചയപ്പെടുന്നവർ തമ്മിൽ രൂപപ്പെടുന്ന താൽക്കാലിക ബന്ധത്തിൽ വരെ ആ ഊഷ്മളത അനുഭവിക്കാനാകും.

ദീർഘസംഭാഷണങ്ങളാണ് ചിത്രത്തിന്റെ മറ്റൊരു പ്രത്യേകത. വ്യത്യസ്ത സാഹചര്യങ്ങളിൽനിന്നുള്ള കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകളും സംഭാഷണരീതികളും പ്രേക്ഷകനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യും. അങ്കമാലിയുടെ പ്രാദേശിക പ്രത്യേകതകളിൽ തുടങ്ങി സ്ത്രീകൾ ഏതൊരു സമൂഹത്തിലും അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ വരെ ഈ ചർച്ചകളിൽ ഒളിഞ്ഞും തെളിഞ്ഞും കാണാമെന്നതാണ് 'വിക്ടോറിയ'യുടെ മാറ്റുകൂട്ടുന്നത്.

# ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്രമേളകളിൽ തിളങ്ങിയ ഏഴു ചിത്രങ്ങൾ ആറാം ദിനം പ്രദർശനത്തിന്

ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്ര മേളകളിൽ പ്രേക്ഷക പ്രശംസയും പുരസ്കാരങ്ങളും നേടിയ ഏഴു ചിത്രങ്ങൾ ചലച്ചിത്രമേളയുടെ ആറാം ദിനമായ ഇന്ന് (18 ഡിസംബർ) പ്രദർശിപ്പിക്കും. ദി സബ്സ്റ്റൻസ്, അനോറ, ഓൾ വി ഇമാജിൻ ആസ് ലൈറ്റ്, എമിലിയ പെരെസ്, ദി ഷെയിംലെസ്സ്, കോൺക്ലേവ്, ദി സീഡ് ഓഫ് സേക്രഡ് ഫിഗ് എന്നിവയടക്കമുള്ള ചിത്രങ്ങളാണ് വിവിധ തീയേറ്ററുകളിലായി ഇന്നു ചലച്ചിത്രപ്രേമികൾക്കുമുന്നിലെത്തുന്നത്. ഫ്രഞ്ച് സംവിധായിക കൊരാലി ഫാർഗീറ്റ് സംവിധാനം ചെയ്ത 'ദി സബ്സ്റ്റൻസ്' കാൻ ചലച്ചിത്രമേളയിൽ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയ ചിത്രമാണ്. യൂറോപ്യൻ ഫിലിം അവാർഡ്സിൽ മികച്ച ദൃശ്യാവിഷ്കരണത്തിനും ഛായാഗ്രഹണത്തിനുമുള്ള പുരസ്കാരവും ലഭിച്ച ചിത്രം ടാഗോർ തിയറ്ററിൽ ഉച്ചയ്ക്കു 2:15ന് പ്രദർശിപ്പിക്കും. അമേരിക്കൻ ചലച്ചിത്രകാരൻ ഷോൺ ബേക്കറിന്റെ 'അനോറ', 77 ാമത് കാൻ ചലച്ചിത്രമേളയിൽ പാം ഡി ഓർ പുരസ്കാരത്തിനർഹമായ ചിത്രമാണ്. അമേരിക്കൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെയും നാഷണൽ ബോർഡ് ഓഫ് റിവ്യൂവിന്റെയും 2024 ലെ മികച്ച 10 ചിത്രങ്ങളുടെ പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. ഏരീസ്പ്ലക്സ്സ്ക്രീൻ 1ൽ ഉച്ചയ്ക്കു 12നാണു പ്രദർശനം. കാൻ മേളയിൽ ഗ്രാൻഡ് പ്രി പുരസ്കാരം നേടിയ പായൽ കപാഡിയയുടെ 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ്' എന്ന സിനിമ മലയാളി അഭിനേതാക്കളുടെ സാന്നിധ്യം കൊണ്ട് കേരളത്തിലും ചർച്ച നേടിയിരുന്നു. ചിത്രം ടാഗോർ തിയറ്ററിൽ വൈകിട്ട് ആറിനു പ്രദർശിപ്പിക്കും. ജാക്ക്യുസ് ഓഡിയർഡിന്റെ ഫ്രഞ്ച് ക്രൈം കോമഡി മ്യൂസിക്കൽ ത്രില്ലെർ വിഭാഗത്തിൽപ്പെടുന്ന എമിലിയ പെരെസ് എന്ന ചിത്രത്തിലുടനീളം ഒപ്പേറ സംഗീതം പശ്ചാത്തലത്തിൽ ഉണ്ട്. 77ാമത് കാൻ ചലച്ചിത്രമേളയിൽ മികച്ച നടിക്കുള്ള പുരസ്കാരവും, പ്രത്യേക ജൂറി പരാമർശവും ചിത്രത്തിന് ലഭിച്ചിരുന്നു. ഓസ്കാറിൽ മികച്ച ഫീച്ചർ ഫിലിം വിഭാഗത്തിൽ നാമനിർദേശം ചെയ്യപ്പെട്ടിരുന്നു. എറിസ്പ്ലെക്സ് സ്ക്രീൻ 4ൽ 9:00ന് പ്രദർശിപ്പിക്കും. കോൺസ്റ്റാന്റിൻ ബോജനോവ് സംവിധാനം ചെയ്ത 'ദി ഷെയിംലെസ്സ്'. മികച്ച നടിക്കുള്ള ഉൻ സെർടൈൻ റിഗാർഡ് അവാർഡ് അനസൂയ സെൻഗുപ്തക്ക് കാനിൽ നേടിക്കൊടുത്ത ചിത്രമാണ്. വൈകിട്ടു 3.15ന് ശ്രീ തിയറ്ററിലാണു പ്രദർശനം. എഡ്വാർഡ് ബെർഗറുടെ മിസ്റ്ററി ത്രില്ലർ കോൺക്ലേവിന്റെ പ്രദർശനം രാത്രി 8:30 ന് നിളയിലും 'ദി സീഡ് ഓഫ് സേക്രഡ് ഫിഗി'സിന്റെ പ്രദർശനം ഏരിസ്പ്ലെസ് സ്ക്രീൻ 1ൽ വൈകിട്ട് ആറിനും നടക്കും. വനിതാ സംവിധായകരുടെ ചിത്രങ്ങളായ കാമദേവൻ നക്ഷത്രം കണ്ടു,വിക്ടോറിയ, അപ്പുറം, ബാൻസോ, ഇഫ് ഒൺലി ഐ കുഡ് ഹൈബർനേറ്റ്,പിയേഴ്സ്, ഷഹീദ്,ടോക്സിക്, എന്നിവയും ഇന്നത്തെ മേളയിലുള്ള ആഗോള ജനപ്രിതിയാർജ്ജിച്ച ചിത്രങ്ങളാണ്. ഹൊറർ ചിത്രമായ 'ദി ലോങ്ലെഗ്സ്',മിഡ്നൈറ് സ്ക്രീനിംഗ് പരമ്പരയുടെ ഭാഗമായി രാത്രി 12 മണിക്ക് നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

## പ്രേക്ഷക പ്രശംസനേടി 'വെളിച്ചം തേടി

വലിയ താരനിരയോ സന്നാഹങ്ങളോ ഇല്ലാതെ മികച്ച പ്രമേയവും തിരക്കഥയുമായി 29ാമത് ഐഎഫ്എഫ്കെയിൽ റിനോഷൻ സംവിധാനം ചെയ്ത വെളിച്ചം തേടി എന്ന സിനിമ ശ്രദ്ധ നേടി. സംഭാഷങ്ങളിലൂടെ മാത്രം അവതരിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങളും സാഹചര്യങ്ങളുമാണു സിനിമയുടെ പ്രത്യേകത.

ഒരമ്മയുടെ മക്കളാണെങ്കിലും രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്ന അർദ്ധസഹോദരങ്ങളുടെ വ്യത്യസ്ത കാഴ്ചപ്പാടുകളാണ് ചിത്രത്തിന്റെ പ്രമേയം. ക്രയോണുകൾ കൊണ്ടെഴുതിയ ടൈറ്റിൽ സിനിമയുടെ പൂർണ്ണമായ അർത്ഥത്തെ സൂചിപ്പിക്കുന്ന അടയാളമാണ്. 2020 ൽ പുറത്തിറങ്ങിയ ദി ബട്ടർഫ്ളൈസ് ഹാവ് ഡൈഡ് ആണ് റിനോഷന്റെ ആദ്യ ചിത്രം. ഫസ്റ്റ് ഫൈവ് ഡേറ്റ്സ് 2023 ലെ ഐ എഫ് എഫ് കെ യിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ഇന്ന്(18 ഡിസംബർ) ചിത്രത്തിന്റെ മേളയിലെ അവസാന പ്രദർശനം വൈകിട്ട് ആറിനു ന്യൂ തിയേറ്ററിൽ നടക്കും.

## ഭിന്നശേഷി സൗഹൃദം ഈ മേള, ആംഗ്യ ഭാഷയിലും അവതരണം

സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളേയും ചേർത്തു നിർത്തിയാണ് 29ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള മുന്നോട്ടു പോകുന്നത്. ഭിന്നശേഷി സൗഹൃദമായ മേളയിൽ ഭിന്നശേഷിയുള്ളവർക്ക് കരുതലും പരിഗണനയും ഉറപ്പുവരുത്തുകയാണ് ചലച്ചിത്ര അക്കാദമി. കേൾവി പരിമിതിയുള്ളവർക്കായി മേളയുടെ ഭാഗമായി നടക്കുന്ന വിവിധ ചടങ്ങുകളുടെ ആംഗ്യഭാഷയിലുള്ള അവതരണം തത്സമയം നടക്കുന്നു. നിശാഗന്ധിയിൽ അരങ്ങേറുന്ന പരിപാടികളിലാണ് ആംഗ്യഭാഷയിലും പ്രസംഗവുമുൾപ്പെടെ അവതരിപ്പിക്കുന്നത്. വിദേശ പ്രതിനിധികൾ ഉൾപ്പെടെ ഒട്ടേറെപ്പേർ പങ്കെടുക്കുന്ന കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ഇതാദ്യമായാണ് ആംഗ്യഭാഷയിലുള്ള അവതരണം.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിലെ അധ്യാപികയും സൈൻ ലാംഗ്വേജ് ഇന്റർപ്രെറ്ററുമായ സിൽവി മാക്സി മേനയാണ് പ്രതിഫലം കൈപ്പറ്റാതെ ഐഎഫ്എഫ്കെയിലെ ആംഗ്യഭാഷാ അവതാരകയായെത്തിയിരിക്കുന്നത്. ഇത്തവണത്തേത് ഭിന്നശേഷി സൗഹൃദമേളയാണെന്ന പത്രവാർത്ത കണ്ടപ്പോഴാണ് റാംപുൾപ്പെടെയുള്ള സൗകര്യങ്ങൾ ഐഎഫ്എഫ്കെയുടെ ഭാഗമായി ഒരുക്കുന്നുണ്ടെങ്കിലും അതിൽ ആംഗ്യഭാഷാ അവതരണമില്ലെന്ന് സിൽവിക്ക് മനസ്സിലായത്. തുടർന്ന് ആംഗ്യഭാഷ അവതാരകയാകാനുള്ള താത്പര്യം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാലിനെ അറിയിക്കുകയായിരുന്നു. സന്നദ്ധ സേവനത്തിനുള്ള സിൽവിയുടെ താത്പര്യം അറിഞ്ഞതോടെ ചലച്ചിത്ര അക്കാദമി അവതാരകയാകാൻ അനുമതി നൽകി.

